# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**29.06.2012-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.4631**

## അഗ്രിക്കൾച്ചറൽ റിസേർച്ച് സോൺ

**ചോദ്യം**

ശ്രീ.വി.റ്റി.ബൽറാം
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ. വർക്കല കഹാർ

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കാർഷിക മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

എ) കാർഷിക സർവ്വകലാശാലയിൽ താഴെപ്പറയുന്ന പദ്ധതികൾ നെല്ല്, തെങ്ങ്, കുരുമുളക്, പച്ചക്കറികൾ തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ വിളകളിലും നടത്തി വരുന്നു.

1. അത്യുല്പാദനശേഷിയും രോഗപ്രതിരോധശേഷിയുമുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ഉല്പാദനവും വിതരണവും
2. ശാസ്ത്രീയ കൃഷി പരിപാലന മുറകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ.
3. രോഗകീട നിയന്ത്രണമാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ
4. മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ
5. കൃഷിയിൽ യന്ത്രവല്ക്കരണം സാദ്ധ്യമാക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ

| | | | |
|---|---|---|---|
| ബി) | ഇതിനായി അഗ്രിക്കൾച്ചറൽ റിസേർച്ച് സോൺ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | ബി) | ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകൾ കണക്കിലെടുത്ത് കാർഷിക ഗവേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തെ തെക്കൻമേഖല, മദ്ധ്യമേഖല, വടക്കൻ മേഖല, ഹൈറേഞ്ച് മേഖല, പ്രശ്നാധിഷ്ഠിത മേഖല എന്നിങ്ങനെ അഞ്ചായി തിരിച്ചിട്ടുണ്ട്. |
| സി) | പ്രത്യേക മേഖലയ്ക്കുവേണ്ടി സ്പെഷ്യൽ സോണുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**